(ബി) ഉണ്ട്.

(സി) പഞ്ചവത്സര പദ്ധതിയനുസരിച്ച് ഒരു താലൂക്കിൽ ഒരു ആശുപത്രിയും, ഒരു പഞ്ചായത്തിൽ ഒരു ഡിസ്പെൻസറിയും മാത്രം തുറക്കണമെന്നുള്ളതാണ് ഗവണ്മെൻറിന്റെ നയം. കൊടുങ്ങല്ലൂർ താലൂക്കിൽ ഒരു ആയുർവ്വേദാശുപത്രി (അഴിക്കോട്) ഉള്ളതുകൊണ്ട് മറെറാരാശുപത്രി അതേ താലൂക്കിൽതന്നെ തുടങ്ങുന്നതിന് ഇപ്പോൾ ഉദ്ദേശമില്ല.

കുമ്പഴ പാലത്തിന്റെ പണി.

181. [21] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട താലൂക്കിൽപ്പെട്ട കുമ്പഴ പാലത്തിന്റെ പണി ഏതു നിലയിൽ ഇരിക്കുന്നു ?

ഉത്തരം.

പാലം പണിക്കുള്ള ടെൻഡറുകൾ ക്ഷണിച്ചിരിക്കുകയാണ്.

പറവൂർ ആശുപത്രിയിലെ ചീഫ് മെഡിക്കൽ ആഫീസർ.

182. [26] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ ആശുപത്രിയിലെ ചീഫ് മെഡിക്കലാഫീസറെ പററി പൊതുജനങ്ങളിൽനിന്നും വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹം നിർബ്ബന്ധപൂർവ്വം ആളുകളിൽ നിന്നും പ്രതിഫലം വാങ്ങുന്നുണ്ടെന്നുള്ളതിനു തെളിവു നൽകാമെന്നു കാണിച്ചു വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ;

(സി) അതെപ്പററി എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഗവണ്മെൻറിനു ലഭിച്ച പരാതിയെക്കുറിച്ചു അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

എക്സറെ വാർഡു പരിഷ്കരണം.

183. [27] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടിനൽകുമോ.:

(എ) പറവൂർ ആശുപത്രിയിൽ എക്സ്റെ വാർഡ് ഇന്നു ശരിയായി പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഫീസ് ഏർപ്പെടുത്തുന്നതിനു മുമ്പുണ്ടായിരുന്നതരത്തിൽ ഉടൻ പരിഷ്കരിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly